# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

തിരുവനന്തപുരം

നമ്പർ.50/റിക്രൂ/2015/കെ.ഡി.ആർ.ബി　　　　തീയതി. 18.03.2020

## <u>വിജ്ഞാപനം</u>

**വിജ്ഞാപന തീയതി**　　　　**അവസാന തീയതി**
**18.03.2020**　　　　**18.04.2020**

മലബാർ ദേവസ്വം ബോർഡിൽ **എക്സിക്യൂട്ടീവ് ഓഫീസർ ഗ്രേഡ് IV** തസ്തികയിൽ **ക്ഷേത്ര ജീവനക്കാരിൽ നിന്നും തസ്തിക മാറ്റം വഴി** നിലവിലുള്ള ഒമ്പത് ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് നിശ്ചിത യോഗ്യതയുള്ള മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നു.

കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.kdrb.kerala.gov.in**-ലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

| | | |
|---|---|---|
| 1. | കാറ്റഗറി നമ്പരും വർഷവും | **37/2020** |
| 2. | തസ്തികയുടെ പേര് | **എക്സിക്യൂട്ടീവ് ഓഫീസർ ഗ്രേഡ് IV (ക്ഷേത്ര ജീവനക്കാരിൽ നിന്നും തസ്തിക മാറ്റം വഴി)** |
| 3. | ദേവസ്വം ബോർഡിന്റെ പേര് | **മലബാർ ദേവസ്വം ബോർഡ്** |
| 4. | ശമ്പള സ്കെയിൽ | **7990-12930 രൂപ** |
| 5. | യോഗ്യതകൾ | 1. എസ്.എസ്.എൽ.സി പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യയോഗ്യത<br>2. മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ ക്ഷേത്ര ജീവനക്കാരനായി / ജീവനക്കാരിയായി 01.01.2020 ന് പത്ത് വർഷത്തെ സ്ഥിരം സേവനം ഉണ്ടായിരിക്കണം. (പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃക വിജ്ഞാപനത്തോടൊപ്പം ചേർത്തിരിക്കുന്നു) |

| | | |
|---|---|---|
| 6. | ഒഴിവുകളുടെ എണ്ണം<br>കുറിപ്പ് :1 | 9 (ഒമ്പത്)<br>മുകളിൽ കാണിച്ചിരിക്കുന്ന ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്.<br>ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്കു ലിസ്റ്റിന് ഇതേ തസ്തികയിലേയ്ക്ക് 07.09.2018 -ാം തീയതിയിൽ നിലവിൽ വന്ന റാങ്കു ലിസ്റ്റിന്റെ (കാറ്റഗറി നം.01/2018) കാലാവധി അവസാനിക്കുന്നതു വരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. മുകളിൽ കാണിച്ചിരിക്കുന്ന ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിയ്ക്കുമ്പോൾ ക്ഷേത്രജീവനക്കാരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ റാങ്കു ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. |
| 7. | നിയമന രീതി | **മലബാർ ദേവസ്വം ബോർഡിലെ സ്ഥിരം ക്ഷേത്രജീവനക്കാരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനം** |
| 8. | പ്രായ പരിധി | **28 - 57 ഉദ്യോഗാർത്ഥികൾ 01.01.1992 നും 02.01.1963 നും** ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ)<br>**(വയസ്സിളവിനെ സംബന്ധിച്ച പൊതുവ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല)** |
| 9. | അപേക്ഷ ഫീസ് -<br>തുകയും അടയ്ക്കേണ്ട രീതിയും | രൂപ 300/- (മുന്നൂറ് രൂപ മാത്രം)<br>കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുളള വെബ്പോർട്ടലിലെ പേമെന്റ് ഗേറ്റ് വേ വഴി ഓൺലൈനായി തുക അടയ്ക്കേണ്ടതാണ്. |
| 10 | മറ്റ് വിവരങ്ങൾ | 1. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 57 (അൻപത്തിയേഴ്) വയസ്സിൽ കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ ക്ഷേത്രജീവനക്കാരായി 10 വർഷത്തെ സ്ഥിരം സേവനം ഉള്ളവർക്കു മാത്രമേ ഈ വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിക്കുവാൻ അർഹതയുള്ളൂ. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ മറ്റു തരത്തിലോ താത്ക്കാലികമായോ ദിവസ വേതനത്തിലോ ജോലി ചെയ്യുന്നവർ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.<br>2. ഭിന്നശേഷിക്കാർക്കുള്ള ആനുകൂല്യങ്ങൾ, മറ്റുള്ള സംവരണാനുകൂല്യങ്ങൾ, എന്നിവയൊന്നും ഈ തെരഞ്ഞെടുപ്പിന് |

| | | |
|---|---|---|
| | | ബാധകമല്ല.<br>3. തസ്തിക മാറ്റം വഴി അപേക്ഷ സമർപ്പിയ്ക്കുന്ന സ്ഥിരം ക്ഷേത്രജീവനക്കാർ അവരുടെ സേവന വിവരം വ്യക്തമാക്കുന്ന ഒരു സർവ്വീസ് സർട്ടിഫിക്കറ്റ് വകുപ്പ മേധാവിയിൽ നിന്നും വാങ്ങി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്. **സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക അനുബന്ധമായി ചേർക്കുന്നു.** |
| 11. | അപേക്ഷ അയയ്ക്കേണ്ട വിധം | ഉദ്യോഗാർത്ഥികൾ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.kdrb.kerala.gov.in**-വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ്സൈറ്റിന്റെ ഹോം പേജിലുള്ള "APPLY ONLINE" എന്ന ലിങ്കിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ യൂസർ ഐഡിയും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ് ലോഡ് ചെയ്യുന്ന ഫോട്ടോ മൂന്നു മാസത്തിനകം എടുത്തത് ആയിരിക്കണം ഒരിക്കൽ അപ് ലോഡ് ചെയ്ത ഫോട്ടോ തുടർന്നുള്ള അപേക്ഷ സമർപ്പിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. പ്രൊഫൈലിലെ പ്രിന്റ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ ഉദ്യോഗാർത്ഥിക്ക് താൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കാവുന്നതാണ്. പാസ്സ് വേർഡ് രഹസ്യമായി സൂക്ഷിക്കേണ്ടതും പ്രൊഫൈലിൽ നൽകിയിരിക്കുന്ന വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. അപേക്ഷിക്കുന്നതിനു മുമ്പ് തന്റെ പ്രൊഫൈലിൽ ഉൾകൊള്ളിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ വരുത്തേണ്ടതാണ്. റിക്രൂട്ട്മെൻറ് ബോർഡുമായുള്ള കത്തിടപാടുകളിലും യൂസർഐഡി പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. റിക്രൂട്ട്മെൻറ് ബോർഡിന് മുൻപാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ താല്കാലികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുന്നതിനോ, അപേക്ഷ പിൻവലിക്കുന്നതിനോ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏത് അവസരത്തിലായാലും |

| | | |
|---|---|---|
| | | സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിപരീതമായി കാണുന്ന പക്ഷം നിരുപാധികം നിരസിക്കപ്പെടുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, പരിചയം, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കേരള ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അപേക്ഷഫീസ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്പോർട്ടലിലൂടെ ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഡി.ഡി ആയോ മണി ഓർഡറായോ ചെലാൻ മുഖാന്തിരമോ മറ്റേതെങ്കിലും രീതിയിലോ അപേക്ഷഫീസ് അടയ്ക്കുവാൻ പാടില്ല. **ഒരിക്കൽ അടച്ച അപേക്ഷഫീസ് ഒരു കാരണവശാലും മടക്കി നൽകുന്നതല്ല.** |
| 12. | അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | **18.04.2020** അർദ്ധരാത്രി 12 മണി വരെ |
| 13. | അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം | **www.kdrb.kerala.gov.in** |

**ഫോട്ടോ, ഐ.ഡി കാർഡ്, വയസ്സിളവ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് വിജ്ഞാപനത്തിന്റെ പാർട്ട്-II -ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നിർബന്ധമായി നോക്കുക.**

**പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 3, 4, 5 ( വിമുക്ത ഭടൻമാർ, ഭിന്നശേഷിക്കാർ, കായികതാരങ്ങൾ, ഇവർക്കുള്ള ആനുകൂല്യങ്ങൾ ) ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.**

സെക്രട്ടറി

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

**FORMAT OF SERVICE CERTIFICATE TO BE PRODUCED FOR RECRUITMENT BY TRANSFER AS EXECUTIVE OFFICER GRADE IV**

1. Name of Candidate :

2. Age and Date of Birth :

3. Name of Post held by the candidate with Scale of Pay and Pay now drawn by the applicant :

4. Whether the post held is heriditary or not :

5. Date of Commencement of Service and Post :

6. Date of Commencement of continuous service and post :

7. Date of completion of 10 years service :

Certified that the above details in respect of Sri/Smt …........................................................ have been verified by me with the Service Particulars as given in the Service Book of the candidate and that they are found correct. He/she has completed 10 years of service as on 01.01.2020 and is eligible to apply for the post for recruitment by transfer as per rules.

Signature of the Head of Office
with Name and Designation

Place:
Date :

(Office seal)